## മഹാത്മാഗാന്ധി സർവ്വകലാശാല

### ക്വട്ടേഷൻ/ലേല നോട്ടീസ്

**നം.എഡി.ബി III/2/മരം/2017/ഭ.വി.** **തീയതി : 24.03.17**

മഹാത്മാഗാന്ധി സർവകലാശാലയുടെ അതിരമ്പുഴയിലെ പ്രധാന കാമ്പസിൽ നാടൻ പ്ലാവ്, മാവ് തുടങ്ങിയ മരങ്ങൾ നട്ടു പിടിപ്പിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ 462 അക്കേഷ്യാ/മാഞ്ചിയം മരങ്ങൾ സർവകലാശാല നിർബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ/ലേല നടപടിയിലൂടെ വാങ്ങുവാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുക**ൾ** ക്ഷണിച്ചു കൊള്ളുന്നു.

വിശദ വിവരങ്ങൾ, ക്വട്ടേഷൻ നൽകുന്നതിനുള്ള ഫോറം എന്നിവ സർവകലാശാലയുടെ www.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ സർവകലാശാല ഭരണ വിഭാഗത്തിലെ എഡി.ബി 3 സെക്ഷനിൽ നിന്ന് 05.04.2017 2 pm വരെ നേരിട്ട് വാങ്ങുകയോ ചെയ്യാം. മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ, ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണം), മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം-686 560 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേ അവസാന തീയതി 05.04.2017 3 pm. ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: 07.04.2017 2 pm.

ഈ നോട്ടീസ് പ്രകാരം വിൽക്കാൻ ഉദ്ദേശിക്കുന്ന അക്കേഷ്യാ/ മാഞ്ചിയം മരങ്ങൾ നേരിൽ കാണാൻ **എഡി.ബി 3** സെക്ഷനുമായി ബന്ധപ്പെടണം.

**ഫോൺ :0481-2733308**

ഒപ്പ്/-

**എസ്റ്റേറ്റ് ഓഫീസർ**

## ക്വട്ടേഷൻ/ലേല വ്യവസ്ഥകൾ

1.ക്വട്ടേഷൻ ഫാറം 105/- രൂപ നിരക്കിൽ (നികുതി ഉൾപ്പെടെ) 05.04.2017 രണ്ട് മണി വരെ എഡി.ബി3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്. ഫാറത്തിന്റെ വില മടക്കി നൽകുന്നതല്ല. രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 05.04.2017 ഉച്ചയ്ക്ക് മൂന്ന് മണി ആണ്. ക്വട്ടേഷനോടൊപ്പം ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയുടെ പകർപ്പ് (വോട്ടർഐഡി, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്) വയ്ക്കേണ്ടതാണ്.

2.ലേല തീയതി 07.04.2017 2.00p.m. ലേലത്തിനു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. അന്നേ ദിവസം അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

3.ക്വട്ടേഷൻ സമർപ്പിക്കുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും നിരതദ്രവ്യമായി10,000/-രൂപ (രൂപ പതിനായിരം മാത്രം) മഹാത്മാഗാന്ധി സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ എസ്.ബി.ടി. പ്രിയദർശിനി ഹിൽസ് ശാഖയിൽ മാറാവുന്ന ഡിമാൻഡ്ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.

4.ക്വട്ടേഷനോ ലേലത്തിനോ ഏതിനാണോ കൂടുതൽ തുക കിട്ടുന്നത് ആ തുകയ്ക്ക് വില്പന സ്ഥിരപ്പെടുത്തുന്നതാണ്.

5.ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്ന മുറയ്ക്ക് പിടിക്കുന്ന ആൾ തുകയുടെ25% അപ്പോൾതന്നെയും ബാക്കി തുകയും 5%വിൽപ്പനനികുതിയും ചേർത്ത് മുൻകൂർ അടച്ച് ടി. പരിസരത്തെ മറ്റു മരങ്ങൾക്കോ വസ്തു വകകൾക്കോ നാശനഷ്ടങ്ങൾ സംഭവിക്കാതെ മരങ്ങൾ മുറിച്ച് മാറ്റേണ്ടതുമാണ്. മരങ്ങളുടെ മുറിച്ചു നീക്കൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ മാത്രം നിർവഹിക്കേണ്ടതാണ്. മരങ്ങൾ മുറിച്ച് മാറ്റേണ്ട അവസാന തീയതി 20.04.2017.

6.ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത ദിവസത്തിനകം ബാക്കി തുക അടക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ക്വട്ടേഷൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ് .നിരതദ്രവ്യം ഉൾപ്പെടെ അതു വരെ അടച്ച എല്ലാ തുകയും സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതും ആണ്.

7.ക്വട്ടേഷൻ/ലേലത്തിൽ ഏറ്റവും കൂടിയ തുക വരുന്ന ഒന്നും രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം ലേല നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.

8.സർവ്വകലാശാലാ എസ്റ്റേറ്റ് ഓഫീസർ അടയാളപ്പെടുത്തിയ മരങ്ങൾ മാത്രമെ മുറിക്കുവാൻ പാടുള്ളു.

9.മരങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും ചുമതലയുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം.

10.പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ/ലേലം റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിഷിപ്തമാണ്.

11.ക്വട്ടേഷൻ/ലേലനിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

12.ക്വട്ടേഷൻ/ലേലവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

**ഒപ്പ്/-**
**എസ്റ്റേറ്റ് ഓഫീസർ**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.
3. സർവ്വകലാശാല എഞ്ചിനീയർ
4. ജെ.ആർ.1 (ഭരണം)
5. ജെ.ആർ.(ധനകാര്യം)
6. എ.എസ്.ഒ.
7. ഡി.ആർ.2 (ഭരണം)
8. പി.ആർ.ഒ.

# <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

**നം.എഡി.ബി III/2/മരം/2017/ഭ.വി.** **തീയതി : 24.03.17**

<u>ക്വട്ടേഷൻ ഫോറം</u>

20.03.2017ലെ ടെണ്ടർ നോട്ടീസ് **നം.**എഡി.ബി III /2 /മരം/2017 **/ഭ.വി.** പ്രകാരം സർവകലാശാലയുടെ അതിരമ്പുഴയിലെ പ്രധാന കാമ്പസിൽ വിൽക്കാനുദ്ദേശിക്കുന്ന 462 അക്കേഷ്യ/മാഞ്ചിയം മരങ്ങൾക്ക് ആകെ ......................രൂപ (രൂപ......................................................... മാത്രം) നൽകി നിർബന്ധനകൾക്കു വിധേയമായി വാങ്ങുന്നതിനുള്ള സന്നദ്ധത അറിയിക്കുന്നു.

ഒപ്പ്:
പേര്:
വിലാസം:

ഫോൺ:

സ്ഥലം :
തീയതി: